(ബി) ഏതെല്ലാം കുടിൽവ്യവസായങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) ഈ വ്യവസായങ്ങളുടെ പുരോഗതിയെപ്പറ്റിയുള്ള അഭിപ്രായമെന്താണ് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 90,225 രൂപ.

(ബി) പായ് നെയ്ത്ത്, ചക്കാട്ടം, കൈത്തറി നെയ്ത്ത്, മത്സ്യവ്യവസായം, പനമ്പുനെയ്ത്ത്, തേനീച്ചവളർത്തൽ, മെഴുകുതിരി കൊമ്പുകൊണ്ട് ചീപ്പുണ്ടാക്കൽ, ക്ഷീരവ്യവസായം, കൈത്തറിവസ്ത്രങ്ങൾ ചായംമുക്കൽ, കയറുപിരി, കോഴിവളർത്തൽ, തുന്നൽ, സോപ്പു നിർമ്മാണം, മരപ്പണി, ഇരുമ്പുപണി, കൈത്തറി ബ്രഷ് നിർമ്മാണം മുതലായ വ്യവസായങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്.

(സി) നല്ല പുരോഗതിയുണ്ട്.

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പണികൾ.

* 278. [39] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഈ സംസ്ഥാനത്തിനു വേണ്ടി എത്ര കോടി രൂപയുടെ പദ്ധതികൾ ചെലവഴിക്കാൻ സാദ്ധ്യതയുണ്ട് ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പണികളുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ കാലതാമസത്തിനുള്ള കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 131.89 കോടി രൂപ.

(ബി) പദ്ധതികളുടെ ലിസ്റ്റ് പ്ലാനിംഗ് കമ്മിഷൻ് അയച്ചിട്ടുണ്ട്.

(സി) ബി-ക്കുള്ള ഉത്തരത്തിൽ നിന്നും ഇതു് ഉദിക്കുന്നില്ല.

അഴിമതിനിവാരണം.

* 279. [41] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

അഴിമതി നിവാരണത്തിനും ഫലപ്രദമായി പരിഹാരംകാണുന്നതിനും എന്തെങ്കിലും മാർഗ്ഗം ഗവണ്മെൻറ് ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഉണ്ട്. പ്രസ്തുതസംഗതിക്കു് ആവശ്യമായ നിയമനിർമ്മാണനടപടികൾ എടുത്തുവരുന്നു. അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനുദ്ദേശിച്ചിട്ടുള്ള ബിൽ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. നിയമനിർമ്മാണത്തിനു് കാലതാമസം വരുമെന്നുള്ളതുകൊണ്ടു് ഒരു താൽക്കാലിക നടപ

LIBRARY ARCHIVES Kerala Legislative Assembly